00 772

C07715

**കേരള സർക്കാർ**
**സൈനിക ക്ഷേമ വകുപ്പ്**

നമ്പർ.SW3/150/2019/സൈ.ക്ഷേ.വ          തീയതി, തിരുവനന്തപുരം:01.01.2020

## സർക്കുലർ

വിഷയം :- സൈനിക ക്ഷേമ വകുപ്പ് - വിവിധ സേന അർദ്ധ സേനാ വിഭാഗങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന ജവാന്മാരോടും അവരുടെ ആശ്രിതരോടും സർക്കാർ ഓഫീസുകളിലെ സമീപനം -സംബന്ധിച്ച്.

സൂചന :- ബഹു.കേന്ദ്ര പ്രതിരോധ വകുപ്പ് മന്ത്രി ബഹു.മുഖ്യമന്ത്രിയ്ക്ക് നൽകിയ 21.10.2019 ലെ അർദ്ധ ഔദ്യോഗിക കത്ത്.

*******

കര, വ്യോമ, നാവിക സേനകളിൽ സേവനം അനുഷ്ഠിക്കുന്ന ജവാന്മാരോടും BSF, ITBP, CRPF മുതലായ കേന്ദ്ര സായുധ പൊലീസ് സേനാംഗങ്ങളോടും അവരുടെ കുടുംബാംഗങ്ങളോടും വിവിധ സർക്കാർ ആഫീസുകളിൽ സ്വീകരിക്കേണ്ട സമീപനം സംബന്ധിച്ച് ബന്ധപ്പെട്ടവർക്ക് ഉചിതമായ നിർദ്ദേശം നൽകണമെന്ന് ബഹു.കേന്ദ്ര പ്രതിരോധ വകുപ്പ് മന്ത്രി ബഹു.മുഖ്യമന്ത്രിയോട് അഭ്യർത്ഥിച്ചിരുന്നു. തങ്ങളുടെ കുടുംബങ്ങളിൽ നിന്നും അകന്ന് താമസിച്ച് പ്രതികൂല സാഹചര്യങ്ങളിൽ ജീവൻ പണയം വെച്ച് അതിർത്തി കാക്കുന്നവരാണ് നമ്മുടെ ജവാന്മാർ. തങ്ങളുടെ ജോലിയുടെ സ്വഭാവം പരിഗണിച്ച്, ജന്മനാടുകളിൽ തങ്ങളുടെ കുടുംബങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്, വളരെ കുറച്ച് സമയമേ ഇവർക്ക് ലഭ്യമാകാറുള്ളൂ. ഇവർ നേരിടുന്ന പ്രശ്നങ്ങളിൽ ഒട്ടധികവും സംസ്ഥാനത്തെ സർക്കാർ ആഫീസുകളുമായി ബന്ധപ്പെട്ടവയാണ്. ഇവർക്ക് വേണ്ട സഹായ സഹകരണങ്ങൾ നൽകാൻ നാം കടപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ കര, വ്യോമ, നാവിക സേനകളിൽ സേവനം അനുഷ്ഠിക്കുന്ന ജവാന്മാർ, BSF, ITBP, CRPF, CISF, Assam Rifles, NSG, SSB മുതലായ കേന്ദ്ര സായുധ പൊലീസ് സേനാംഗങ്ങൾ അവരുടെ

കുടുംബാംഗങ്ങൾ എന്നിവർ വിവിധ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ ആഫീസുകളെ സമീപിക്കുമ്പോൾ അവരോട് അർഹമായ ആദരവോടെ പെരുമാറണമെന്നും ആവശ്യമായ സേവനങ്ങൾ കാലവിളംബം കൂടാതെ ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുന്നു.

**ബിശ്വനാഥ് സിൻഹ.ഐ.എ.എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്,

1. എല്ലാ വകുപ്പ് തലവന്മാർക്കും.
2. എല്ലാ ജില്ലാ കളക്ടർമാർക്കും.
3. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം.(പ്രസിദ്ധീകരണത്തിനായി)
4. ഡയറക്ടർ, സൈനികക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
5. എല്ലാ ജില്ലാ സൈനിക ക്ഷേമ ഓഫീസർമാർക്കും (ഡയറക്ടർ മുഖാന്തിരം)
6. കോർപ്പറേഷൻ സെക്രട്ടറി, തിരുവനന്തപുരം / കൊല്ലം / കൊച്ചി/ തൃശ്ശൂർ / കോഴിക്കോട്.
7. എല്ലാ മുനിസിപ്പാലിറ്റിയിലേയും സെക്രട്ടറിമാർക്ക്.
8. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മേലെഴുത്ത് നമ്പർ 127/2020/E1/DP തീയതി

വിവിധ സേന അർദ്ധസേനാ വിഭാഗങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന ജവാന്മാരോടും അവരുടെ ആശ്രിതരോടുമുള്ള സർക്കാർ ഓഫീസുകളിലെ സമീപനം സംബന്ധിച്ച പരിപത്രത്തിന്റെ പകർപ്പ് അറിവിലേക്കായി അയക്കുന്നു.

അച്ചടി വകുപ്പ് ഡയറക്ടർക്ക് വേണ്ടി,